പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 6525 — 11.07.2012-ൽ മറുപടിക്ക്.

# റാന്നി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) റാന്നി പോലീസ് സ്റ്റേഷനു വേണ്ടി പോലീസ് ഹൗസിംഗ് കോർപ്പറേഷൻ നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന് എത്ര രൂപയാണ് വിവിധ സ്കീമുകളിൽ നിന്നും ലഭിച്ചിരിക്കുന്നത് ; | : (എ) റാന്നിയിൽ പോലീസ് സ്റ്റേഷൻ ഉൾപ്പെടെ പോലീസ് കോംപ്ലക്സ് നിർമ്മിക്കുവാൻ അനുവദിച്ചിട്ടുള്ള തുക 71 ലക്ഷം രൂപയാണ്. |
| (ബി) വിശദമായ പ്ലാനിൽ ഏതൊക്കെ ആഫീസുകൾക്കു വേണ്ടിയാണ് പുതിയ കെട്ടിടം വിഭാവനം ചെയ്തിരിക്കുന്നത് ; | : (ബി) റാന്നിയിൽ പോലീസ് കോംപ്ലക്സിനു വേണ്ടി നിർമ്മിക്കുന്ന കെട്ടിടത്തിൽ പോലീസ് സ്റ്റേഷൻ (വിപുലീകരണം), സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്, വിസിറ്റേഴ്സ് റൂം, കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്റർ, ബി ടൈപ്പ് ഡോർമിറ്ററി, വനിതാ പോലീസിനുള്ള വിശ്രമ മുറി, വനിതാ ഹെൽപ്പ് ഡെസ്ക് തുടങ്ങിയ ഓഫീസുകളാണ് വിഭാവനം ചെയ്തിരിക്കുന്നത്. |
| (സി) ഈ കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ; | : (സി) ഈ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തിക്കുള്ള വർക്ക് ഓർഡർ 18.01.2012-ൽ കരാറുകാരന് നൽകുകയും നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഇപ്പോൾ ഫൗണ്ടേഷനുവേണ്ടിയുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു. |
| (ഡി) ബേസ്മെന്റിൽ കാണപ്പെട്ട പാറ പൊട്ടിച്ചു മാറ്റാൻ അടിയന്തിരമായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത് ? | : (ഡി) എയർ കംപ്രസ്സറും ജാക്ക് ഹാമറും ഉപയോഗിച്ച് 20 എം.എം. ഡയമീറ്ററിൽ ദ്വാരങ്ങൾ നിർമ്മിച്ച് കെമിക്കൽ ഉപയോഗിച്ച് പാറ പൊട്ടിക്കുന്ന രീതിയാണ് പരിഗണിക്കുന്നത്. |

സെക്ഷൻ ഓഫീസർ